## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7258

16/07/2012 - ൽ
മറുപടിക്ക്

### <u>ഭക്ഷണ സാധനങ്ങളുടെ അമിത വില</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എം.ഉമ്മർ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ഭക്ഷണ സാധനങ്ങൾക്ക് ബോർഡുകളിൽ നിരക്കുകൾ രേഖപ്പെടുത്തിയും അല്ലാതെയും അമിത വില ഈടാക്കി ചൂഷണം ചെയ്യുന്നുവെന്ന പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിനു പരിഹാരം കാണാൻ പുതിയതായി നടപടികളെന്തെങ്കിലും ഉദ്ദേശിക്കുന്നു ണ്ടോ; | (ബി) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. പുതിയ നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) സർക്കാർ റസ്റ്റ്ഹൗസുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിലെ ഭക്ഷണ വിലവിവരം പ്രസിദ്ധപ്പെടുത്താറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ? | (സി) ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ടൂറിസം ഗസ്റ്റ് ഹൗസുകളിലെ ഭക്ഷണ വില വിവരം, 11.10.2007 ലെ .ജി.ഒ (എം.എസ്) നം.467/07/ടൂറിസം ഉത്തരവു പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിന്റെ റസ്റ്റു ഹൗസുകളിലും, ഗസ്റ്റ് ഹൗസുകളിലും ഭക്ഷണ വില വിവരം പ്രസിദ്ധപ്പെടുത്തുന്ന കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ